വിഭാഗത്തിൽ ഒരു ജൂനിയർ കൺസൾട്ടന്റ് ജോലി നോക്കിവരുന്നതിനാൽ ഈ വിഭാഗത്തിലെ പ്രവർത്തനം തടസ്സമില്ലാതെ നടത്തുന്നു. കട്ടപ്പന താലൂക്കാശുപത്രിയിൽ ശിശുരോഗവിഭാഗത്തിൽ 2015 നവംബർ മാസത്തിൽ പുതുതായി സൃഷ്ടിച്ച രണ്ട് തസ്തികകളാണ് നിലവിലുള്ളത്. ഈ ഒഴിവിലേക്ക് രണ്ട് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. നെടുങ്കണ്ടം താലൂക്കാശുപത്രിയിൽ അനസ്തേഷ്യ വിഭാഗത്തിലെ ഒഴിവ് നികത്തുന്നതിലേക്കായി ജനറൽ കേഡറിൽ നിശ്ചിത യോഗ്യതയുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. മേൽനടപടികൾ മുഖേന പ്രസ്തുത ആശുപത്രികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു.

കിടത്തി ചികിത്സയുള്ള പി.എച്ച്.സി.-കൾ

40 (2314) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കിടത്തി ചികിത്സയുള്ള പി.എച്ച്.സി.കളായി ഉയർത്തിയിരുന്നുവെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഇത്തരത്തിൽ മാറ്റിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് 6-11-2008-ലെ സ.ഉ.(എം.എസ്.) നമ്പർ 568/2008/ആ.കു.വ. പ്രകാരമാണ് 24 മണിക്കൂറും പ്രവർത്തിക്കുന്ന കിടത്തി ചികിത്സയുള്ള 24x7 പി.എച്ച്.സി. എന്ന വിഭാഗത്തെ ആരോഗ്യ സ്ഥാപനങ്ങളുടെ ക്ലാസിഫിക്കേഷനിൽ ഉൾപ്പെടുത്തിയത്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 150 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ 24x7 പി.എച്ച്.സി.-കളായി നാമകരണം ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എച്ച്.സി.-കളെ 24x7 പി.എച്ച്.സി.യായി ഉയർത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly